# ഇഷിക



എസ്.[illegible].എച്ച്.എസ്.എസ്

കടനാട്

# DIGITAL MAGAZINE






# GLITTERING STARS OF S.S.H.S.S KADANAD



# എഡിറ്റോറിയൽ ബോർഡ്



SRI.BABU THOMAS



FR.NOBLE MATHEW



AJI V.J



SR.RENI MOL MANUEL



BINU RANI



REETHUROBIN



ADON JOSE



SAIN AUGUSTINE



UMAMAHESH K



RIJO VINCENT



SRUTHY R MENON



COLLINS NOBLE



GEORGEJACOB

# എഡിറ്റോറിയൽ

ഇഷിക- കടനാട് സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പരിശ്രമ ഫലമാണ് 'E-' മാഗസിൻ . ഐ .റ്റി മേഖലയിൽ പ്രഗത്ഭരായ ധാരാളം പ്രതിഭകളെ വാർത്തെടുക്കുവാൻ എസ്. എസ്. എച്ച്. എസ്. എസ് കടനാടിന് സാധിക്കുമെന്നതിന്റെ തെളിവാണിത്. അനേകം കുട്ടികളുടെ നൈസർഗിക സൃഷ്ടികളാണ് കഥയും കവിതയുമായി ഇതിൽ നിറച്ചിരിക്കുന്നത്.

ഇപ്രകാരം ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ പിന്തുണച്ച അനേകരെ നന്ദിയോടെ ഓർക്കുന്നു . അധ്യാപകർ , വിദ്യാർത്ഥികൾ , ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ എല്ലാവരുടെയും സഹകരണം പ്രശംസാർഹമാണ്.

ഇത്തരത്തിൽ ഈ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ പ്രോത്സാഹനം നൽകിയ എല്ലാവരുടെയും മുന്നിൽ നമ്രശിരസ്കരായി നിന്നുകൊണ്ട് എല്ലാവർക്കുമായി 'ഇഷിക' സവിനയം സമർപ്പിക്കുന്നു.



ഉമമഹേഷ്

**ചീഫ് എഡിറ്റർ**

# ഇതളുകൾ വിരിയുമ്പോൾ..........


1.ജ്യോതിർധാര..........................................................11

2 .കൂട്ടുകാർ..........................................................12

3 .കള്ളന്റെ നന്മ..........................................................13

4 .ചങ്ങാലികഥകൾ..........................................................15

5 .യഥാർഥ കൂട്ടുകാർ..........................................................18

6 .പാമ്പിന് പറ്റിയ അമളി..........................................................19

7 .മുതലക്കുഞ്ഞുങ്ങൾക്ക് ആമത്തോട് ..................21

8.ഞ്ഞലിയുടെ സഹായം ..........................................22

9.നൂറു സൂത്രങ്ങൾ..........................................................24

10.ആകാശത്തിലെ മടിത്തട്ടിലെ വട്ടം..................26

11.നവ കേരള സൃഷ്ടിയിൽ വിദ്യാർഥികളുടെ പങ്ക്..27

12.എന്റെ സ്വപ്നം..........................................................30

13.ഭൂമി..........................................................31

14.ഉണരുന്ന കേരളം..........................................................32

15.പൊതു വിജ്ഞാന ക്വിസ്സ്..................................33

16.വെളിച്ചത്തിലേക്കുള്ള വഴി കാട്ടി..............................34

17.വിദ്യാഭ്യാസരംഗത്തെ പ്രകാശഗോപുരമായി...............36

18.വിജയത്തിലേക്കുള്ള കുതിച്ചുചാട്ടം..............................38

19.ദൈവികദാനം.....................................................40

20.ക്വിസ്..................................................................41

21.വ്യാപാരിയുടെ ബുദ്ധി...........................................43

22.ശത്രു മിത്രമായി..................................................44

23.വിടപറയുംമുമ്പ്...................................................45

24.ഉണ്ണിയേശുവിന്റെ ജനനം.......................................47

25.എത്ര സുന്ദരമീ ഭൂമി..............................................50

*********************

# ജ്യോതിർധാര



ജോർജ് ജേക്കബ് 9B

ബാല്യത്തിൽ പുസ്തകതാളുകളിൽ-
ഞാൻ തേടി വർണ്ണങ്ങൾ മാത്രം,
ഗ്രന്ഥകാരൻമാരാം മഹാരഥൻമാർ എനിക്ക-
കാട്ടി തന്നു അതിനുള്ളിലെ നിധികളാം-
ആശയങ്ങൾ,
ആ ആശയങ്ങളോ ആഴിതൻ ആഴവും-
മാരിവില്ലിൻ അഴകും നിറഞ്ഞവ,
അവർ തുറന്നു തന്ന പുതുവാതാ-
യനങ്ങളിലൂടെ നടന്നപ്പോൾ ഞാൻ
കണ്ടെത്തി വിജ്ഞാനത്തിൻ പുതു-
സാഗരങ്ങൾ,
എനിക്ക വഴികാട്ടി തന്ന മാർഗ്ഗ-
താരകങ്ങൾ ഗ്രന്ഥകാരൻമാർ,
അറിവില്ലായ്മയുടെ ചാരത്തിൽ നിന്നും-
ഒരു ഫീനിക്സ് പക്ഷിയാകാൻ-
എനിക്ക സഹായഹസ്തം നീട്ടി-
യവർ ഗ്രന്ഥ,
ഇപ്പോൾ ഞാനറിയുന്നു നിർ-
പുരൻ വഴിയുടെ തെല്ലിക്കാ മാധുര്യം,
അനന്തവിജ്ഞാനത്തിൻ പുതുവാ-
തായനങ്ങൾ എനിക്ക തുറന്നു.

.................



# കൂട്ടുകാർ

ഒരിടത്ത് ഒരു മുയൽ താമസിച്ചിരുന്നു. അവൻ ഒരിക്കൽ കരടിയെ കൂട്ടി നാട്ടിലേക്ക് പുറപ്പെട്ടു. അവിടെ ഒരു മാവിൽ നിറയെ മാമ്പഴം കിടക്കുന്നു. അവന് കൊതി തോന്നി. മുയൽ ഉയരത്തിൽ ചാടി മാമ്പഴം പറിക്കാൻ നോക്കി.എത്ര ചാടിയിട്ടും അവന് ഒന്നും കിട്ടിയില്ല. അത് കണ്ട് കരടി അവനെ സഹായിച്ചു. മാമ്പഴം കരടി
കൊത്തിയിടുന്നത് കണ്ട് മുയലിന് സന്തോഷം തോന്നി. അവൻ കരടിയെ സഹായിച്ചു. അവർ മാമ്പഴം കൊണ്ടു തിരികെ പോയി. കാട്ടിലെ എല്ലാവർക്കും പങ്കിട്ടു കൊടുത്തു.

**ഗുണപാഠം** : മറ്റുള്ളവരെ സഹായിക്കാൻ മനസ്സുണ്ടാകണം അങ്ങനെയുള്ളവർക്ക് ദൈവാനുഗ്രഹം ഉണ്ടാകും.





Adithya.K.Babu V A

## കള്ളന്റെ നന്മ




കാട്ടിലെ പെരുംകള്ളനായിരുന്നു ചിട്ടുക്കുരങ്ങൻ. ഒരു ദിവസം മോഷ്ടിച്ച കുറെ വാഴപ്പഴങ്ങളുമായി അവൻ വരികയായിരുന്നു. അപ്പോഴ ചിപ്പിമുയലിന്റെ മാളം കണ്ടത്.

ഹയ്യടാ...... ചിപ്പിയുടെ മാളത്തിൽ എന്തെങ്കിലും തിന്നാൻ കാണും. അത് തട്ടിയെടുക്കാം. അവൻ പതുങ്ങി മാളത്തിൽ

കയറി. അവിടെ ചിപ്പിയുടെ മക്കൾ ഉറങ്ങിക്കിടപ്പുണ്ടായിരുന്നു. ചിട്ടു മാളത്തിൽ പരതി നടക്കുമ്പോഴാണ് ചിപ്പിമുയൽ വന്നത്. പെട്ടന്ന് ചിട്ടു ഒരിടത്ത് പതുങ്ങി നിന്നു.

ചിപ്പിമുയൽ കുഞ്ഞുങ്ങളെ വിളിച്ചുണർത്തി. " മക്കളെ – ഇന്ന് ഇതേ കിട്ടിയുള്ളൂ.അവൾ ഒരു കാരറ്റ് കഷണം കുഞ്ഞുങ്ങൾക്ക് നൽകി. എന്നാൽ മൂന്ന് കുഞ്ഞുങ്ങളുടെ വിശപ്പ് മാറ്റാൻ ആ കാരറ്റ് പോരായിരുന്നു. അവർ വിശന്നു കരയാൻ തുടങ്ങി.

ദൈവമേ..... ഈ പെരുമഴ കാരണം ഇവർക്കു കൊടുക്കാൻ ഒന്നും കിട്ടുന്നില്ലല്ലോ. അവളും വിശന്നു തളർന്ന് ഉറങ്ങുന്ന കുഞ്ഞുങ്ങൾക്കരികിൽ കിടന്ന് ഉറങ്ങി.

ഇതെല്ലാം കണ്ടു നിന്ന ചിട്ടുക്കുരങ്ങന് സങ്കടം സഹിക്കാനായില്ല അവൻ കയ്യിലിരുന്ന പഴങ്ങൾ അവിടെ വച്ചിട്ട് പുറത്തേക്ക് ഓടിപ്പോയി. ഉറക്കമു



**************



VASUDEV 6B

# ചങ്ങാലി കഥകൾ

## ചങ്ങാലി പ്രാവും കുഞ്ഞുറുമ്പും

ഒരു പഴയ വീടിന്റെ മുകൾത്തട്ടിലായിരുന്നു ചങ്ങാലിയുടെ കൂട്.
കൂട്ടിൽ അവൾ മുട്ടകളിട്ടു .
എന്നാൽ ആ വീട്ടിൽ ജോലിക്ക വന്ന ഒരു മരപ്പണിക്കാരൻ
മുട്ടകൾ എടുത്ത് സ്ഥലം വിട്ടു .
ചെങ്ങാലി പ്രാവ് - അയ്യോ!
ചങ്ങാലി ആനയോട് സങ്കടം പറഞ്ഞു.



ചങ്ങാലി പ്രാവ് - മുട്ടകൾ തിരിച്ച് വാങ്ങാൻ
സഹായിക്കണം.
ആന – ഒട്ടും നേരമില്ല എനിക്ക്
കരിമ്പുതിന്നാൻ പോകണം.
അവൾ കടുവയെ ചെന്നു കണ്ടു.
ചങ്ങാലി പ്രാവ് - സഹായിക്കണേ.
കടുവ – ഞാൻ രാജാവിന് കാവൽ നിൽക്കാൻ പോവുകയാ
നേരമില്ല.
കരടിയോടും നായയോടും പൂച്ചയോടും എലിയോടും
ചോദിച്ചപ്പോഴും.

കരടി - സമയമില്ല .

ടെ അടുത്തേയ്ക്ക് ഓടുക ഇല്ലങ്കിൽ ഇനിയും കടിക്കും .

ആന – ഹയ്യോ ! കടിക്കല്ലെ ........ ഓടാമെ



ആന കടുവായുടെ അടുതെത്തി

പേടിപ്പിച്ചു.

ആന – മര്യാദയ്ക്ക് മരപ്പണിക്കാരന്റെ

കൈയ്യിൽനിന്ന് മുട്ട

വാങ്ങുക.

കടുവ – വാങ്ങാമേ !

അവർ കരടിയുടെ അടുത്തെത്തി

കടുവ – മര്യാദയ്ക്ക് മരപ്പണിക്കാരന്റെ കൈയ്യിൽനിന്ന് മുട്ട വാങ്ങ്.

കരടി - വാങ്ങാം.

അവർ ഓടി നായയുടെ അടുത്തും പൂച്ചയുടെ അടുത്തും എത്തി

.പൂച്ചയെ പേടിപ്പിച്ചപ്പോൾ എലിയും വന്നു. അവർ

മരപ്പണിക്കാരന്റെ വീട്ടിലെത്തി.

ആന – എവിടെ ആ മരപ്പണിക്കാരൻ?

മരപ്പണിക്കാരൻ - ഹ...ഹ......ഞാനീ മരത്തിന്റെ മുകളിലാ

നിങ്ങൾക്കെന്നെ ഒരു ചുക്കും ചെയ്യാനാവില്ല.

ആന – ഇനി എന്തുചെയ്യും.

അപ്പോൾ കുഞ്ഞുറുമ്പ് എലിയുടെ കാതിൽ എന്തോ രഹസ്യം

പറഞ്ഞു.

എലിക്കുട്ടൻ - മരപ്പണിക്കാരൻ മര്യാദയ്ക്ക് മുട്ട തരു. ഇല്ലെങ്കിൽ

ഞാൻ നിന്റെ ഉളിയൊന്നും ബാക്കിവയ്ക്കില്ലമരത്തിൽ വച്ചാലും മടിയിൽ വച്ചാലും  ഞാൻ ഉളിപ്പിടി കരണ്ടുമുറിക്കും.

പേടിച്ചുപ്പോയ മരപ്പണിക്കാരൻ താഴെവന്ന് മോഷ്ടിച്ച മുട്ടകൾ തിരികെവച്ചു.

മരപ്പണിക്കാരൻ - ക്ഷമിക്കണെ അടിയണ തെറ്റു പറ്റി.പിന്നീട്

ചങ്ങാലി പ്രാവ് - കുഞ്ഞുറുമ്പ് നിന്നോട് എങ്ങനെ നന്ദി പറയണം എന്ന് എനിക്കറിയില്ല

കുഞ്ഞുറുമ്പ് - ചങ്ങാലി, ശ്രമിച്ചാൽ ചെറിയവർക്കു വലിയ കാര്യങ്ങൾ ചെയ്യാൻ കഴയും.





**********

# യഥാർത്ഥ കൂട്ടുകാർ

വിജയപുരം എന്ന ഗ്രാമത്തിലെ സുഹൃത്തുക്കളായിരുന്നു ഗോപുവും ബാലുവും. ബാലു ധനിക കുടുംബത്തിലും ഗോപു ദരിദ്ര കുടുംബത്തിലുമുള്ളവനായിരുന്നു. രണ്ടു പേരും പഠിക്കാൻ മിടുക്കൻമാരായിരുന്നു. അവർ സംശയങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ചോദിച്ച് പഠിക്കുമായിരുന്നു. ഒരു ദിവസം ബാലു ഗോപുവിനെ വീട്ടിലേക്ക് ക്ഷണിച്ചു. ക്ഷണം സ്വീകരിച്ച ഗോപു ബാലുവിന്റെ വീട്ടിലെത്തി. ഗോപുവിനെ കണ്ട ബാലുവിന്റെ അമ്മ അവനെ അടിമുടി നോക്കി. ഗോപുവിന്റെ കീറി പറിഞ്ഞ വസ്ത്രംകണ്ട അമ്മ ബാലുവിനെ ശകാരിച്ചു. ഇനി മേലാൽ ഗോപുവിനോട് കൂട്ടുകൂടരുതെന്നും അവനെ വീട്ടിലേക്ക് ക്ഷണിക്കരുതെന്നും പറഞ്ഞു. പാവം ഗോപു വിഷമത്തോടെ അവിടെ നിന്ന് അവൻ ഇറങ്ങി. പിറ്റേന്ന് സ്കൂളിൽ എത്തിയ ബാലു ഗോപുവിന്റെ അരുകിലേക്ക് ഓടിച്ചെന്നു. അമ്മക്കു വേണ്ടി ഗോപുവിനോട് മാപ്പ് ചോദിച്ചു. ഗോപു ബാലുവിനെ ആശ്വസിപ്പിച്ചു. പിന്നീട് ഒരു ദിവസം ബാലുവും അമ്മയും കൂടി പട്ടണത്തിൽ പോകുന്നവഴി ഗോപുവിനെ കണ്ടു. ഗോപുവിനെ കണ്ട അമ്മ ബാലുവിന്റെ കൈയ്യിൽ പിടിച്ച് വലിച്ചു വേഗത്തിൽ നടന്നു. നിങ്ങവേ പുഴയുടെ വക്കിൽ നിന്നു കാലു തെന്നി അമ്മ വെള്ളത്തിലേക്ക് വീണു. നീന്താൻ അറിയാതെ അമ്മ കൈകാലുകളിട്ടടിച്ചു. ഇതു കണ്ട ബാലു ഭയന്നു നിലവിളിച്ചു. പ്രിയ സുഹൃത്തിന്റെ നിലവിളികേട്ട ഗോപു ഓടി വന്ന് പുഴയിലേക്കെടുത്തു ചാടി. ഗോപു അമ്മയെ വലിച്ച് കരക്കുകയറ്റി. കണ്ണുകൾ തുറന്ന അമ്മ നനഞ്ഞു കുളിച്ചു നിൽക്കുന്ന ഗോപുവിനെയാണ് കണ്ടത്. തന്നെ രക്ഷിച്ചത് ഗോപുവാണെന്ന് മനസ്സിലാക്കിയ അമ്മയുടെ കണ്ണുകൾ നിറഞ്ഞു. അമ്മയ്ക്ക് തന്റെ തെറ്റുകൾ മനസ്സിലായി. വീട്ടിൽ നിന്ന് ആക്ഷേപിച്ചിറക്കി വിട്ടിട്ടും തന്റെ അമ്മയെ രക്ഷിച്ച ഗോപുവിനെ കെട്ടിപിടിച്ച് മുത്തം നൽകി. അമ്മ ഗോപുവിനെ ചേർത്തു പിടിച്ച് നെറുകയിൽ തലോടി. എന്റെ മകന്റെ നല്ല കൂട്ടുകാരൻ നീയാണ്, നീയാണ് യഥാർത്ഥ കൂട്ടുകാരൻ. ഗോപുവിനും ബാലുവിനും പിന്നീട് സന്തോഷങ്ങളുടെ ദിനങ്ങളായിരുന്നു.

യഥാത്ഥ കൂട്ടുകാരൻ എന്ന കഥ ഇവിടെ അവസാനിക്കുന്നില്ല.

അവർ ജീവിതവസാനം വരെ നല്ല സുഹൃത്തുക്കളായിത്തന്നെ ജീവിച്ചു.

*** *** ***

# പാമ്പിന് പറ്റിയ അമളി

[illegible] 9B



പണ്ട് ഒരു കാലത്ത് കാക്കയും പാമ്പും ചങ്ങാതിമാരായിരുന്നു. കാക്കയും കാക്കയുടെ ഭാര്യയും ഒരു ആൽമരത്തിലായിരുന്നു താമസിച്ചിരുന്നത്. അതിന്റെ അടുത്തായിരുന്നു പാമ്പിന്റെ മാളവും. ഒരിക്കൽ പെൺകാക്ക മൂന്ന് മുട്ടയിട്ടു.

കുറച്ചുദിവസത്തിനു ശേഷം മുട്ട പൊട്ടി. മൂന്ന് കാക്കകുഞ്ഞുങ്ങൾ വിരിഞ്ഞു. ഒരു ദിവസം പാമ്പിന് ആഹാരത്തിനായി ഒന്നും കിട്ടാതെ വന്നു. പാമ്പ് വിചാരിച്ചു തന്റെ സുഹൃത്തായ കാക്കയുടെ കുഞ്ഞുങ്ങളെ വിഴുങ്ങാമെന്ന്. ഒരിക്കൽ ഭക്ഷണത്തിനായി കുഞ്ഞികാക്കകൾ ബഹളമുണ്ടാക്കി. അവർക്ക് ഭക്ഷണത്തിനായി കാക്ക അലഞ്ഞുനടന്നു. ആ സമയം നോക്കി പാമ്പ് കാക്കകുഞ്ഞുങ്ങളെ തിന്നാൻ ശ്രമിച്ചു. എന്നാൽ പാമ്പിന് അത് കഴിഞ്ഞില്ല, കാരണം പാമ്പ് അവിടെ ചെന്നപ്പോൾ പെൺകാക്ക അവിടെയുണ്ടായിരുന്നു. പാമ്പ് തിരിച്ച് മാളത്തിലേക്ക് പോയി. പിന്നീട് ഒരിക്കൽ ആൺകാക്കയും പെൺകാക്കയും കുഞ്ഞുങ്ങൾക്ക് ആഹാരത്തിനായിപോയപ്പോൾ പാമ്പ് കുഞ്ഞുകാക്കകളെ വിഴുങ്ങാൻ മാളത്തിൽ നിന്ന് ഇറങ്ങി.കാക്കകൾ വരുന്നതിനുമുമ്പ് പാമ്പ് കുഞ്ഞുകാക്കകളെ



വിഴുങ്ങി. കുറേകഴിഞ്ഞപ്പോൾ കാക്കകൾ തിരിച്ചെത്തി അവർ നോക്കിയപ്പോൾ കുഞ്ഞുകാക്കകളെ കാണാനില്ല. പെൺകാക്ക വാവിട്ടു കരഞ്ഞു. അവർ രണ്ടു പേരും എല്ലായിടത്തും അന്വേഷിച്ചു. അവിടെയെങ്ങും അവരെ കണ്ടില്ല, അവർക്ക് ആശങ്കയായി. അവസാനം കാക്കയുടെ ചങ്ങാതിയായ പരുന്തിനോട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു നിന്റെ ചങ്ങാതിയായ പാമ്പ് അവരുടെയടുത്ത് നിൽക്കുന്നത് കണ്ടു എന്ന് അപ്പോഴാണ് അവർക്ക് മനസ്സിലായത്. പാമ്പാണ് തന്റെ കുഞ്ഞുങ്ങളെ വിഴുങ്ങിയതെന്ന്. പാമ്പനിട്ട് ഒരു പണികൊടുക്കാൻ അവർ തീരുമാനിച്ചു. കിളി ഒരു തന്ത്രം അവരോടു പറഞ്ഞു: നമ്മുടെ കുളത്തിൽ ദിവസവും ഒരു രാജകുമാരി കുളിക്കാൻ വരുന്നുണ്ട്. കുമാരിയുടെ സ്വർണ്ണം ഒരു പാറക്കല്ലിൽ അഴിച്ചുവയ്ക്കും. നീ അത് എടുത്ത് കൊണ്ടുവന്ന് രാജകുമാരിടെ പടയാളികൾ കാൺകെ പാമ്പിന്റെ മാളത്തിൽ കൊണ്ടയിടണം. അവർ തീരുമാനിച്ച രീതിയിൽ കാര്യങ്ങൾ നടന്നു. മാളത്തിൽ കൊണ്ടയിട്ട സ്വർണ്ണം പടയാളികൾ കണ്ടപ്പോൾ അവിടെ നിന്ന പാമ്പാണ് എടുത്തതെന്നു വിചാരിച്ച് പാമ്പിനെ അവർ കൊന്നുകളഞ്ഞു. തന്റെ ഉറ്റ സുഹൃത്തായ കാക്കയെ ചതിച്ചതിന് പാമ്പിനെ ലഭിച്ച ശിക്ഷ മരണമായിരുന്നു . പാമ്പിന്റെ ശല്യം ഒഴിഞ്ഞതോടെ അവർ സുഖമായി ജീവിച്ചു. പെൺകാക്കയ്ക്ക് വീണ്ടും മൂന്നു കുഞ്ഞുങ്ങൾ ഉണ്ടായി. അവർ സന്തോഷത്തോടെ ജീവിച്ചു.

*.....................*

## മുതലകുഞ്ഞുങ്ങൾക്ക് ആമത്തോട്

ഒരിക്കൽ ചിക്കു എന്ന് പേരുള്ള ഒരു പെൺ ആമ ജീവിച്ചിരുന്നു. അവൾ ഒരു ദിവസം കടൽ തീരത്ത് മുട്ടയിട്ടു. അത് അവൾ ഭദ്രമായി കുഴിച്ചിട്ടു. അങ്ങനെ ആ മുട്ടകൾ വിരിഞ്ഞു. നല്ല ഓമനത്വം തോന്നുന്ന കുഞ്ഞുങ്ങൾ പിറന്നു. അപ്പോൾ അവൾ ഒരു കാഴ്ചകണ്ടു. കുറച്ചകലെ ചില മുട്ടകൾ വിരിഞ്ഞിരിക്കുന്നു.അവൾ ചെന്ന് നോക്കിയപ്പോൾ അഞ്ചു മുതലക്കുഞ്ഞുങ്ങൾ പിറന്നിരുന്നു.ആമയെക്കണ്ട് അവൾ പറഞ്ഞു ഞങ്ങൾക്കും വേണം തോട്.അന്നേരം അവൾ ആലോചിച്ചു കുറച്ച് തോടുകളെടുത്ത് മുതലകുഞ്ഞുങ്ങളുടെപുറത്ത് കെട്ടിവച്ചു. അവൾ പറഞ്ഞു നിങ്ങൾക്കു സന്തോഷമായില്ലേ? ഞങ്ങൾക്ക് സന്തോഷമായി.







അഷ്ന മരിയ

# ജൂലിയുടെ സഹായം



ശിവാനിസാബു

ഒരിടത്ത് ഒരു കാട്ടിൽ ഒരു സുന്ദരിയായ മാനുണ്ടായിരുന്നു.അവളുടെ പേര് ജൂലി എന്നാണ്.അവൾ മറ്റുള്ളവരെ സഹായിക്കും. ഒരു ദിവസം അവൾ പുല്ലുതിന്നുകയായിരുന്നു. അപ്പോൾ ഒരു ശബ്ദം.അതാരായിരിക്കും അവൾ ആലോചിച്ചു.കരടിയമ്മാവനാണോ, ആനച്ചേട്ടനാണോ, അതോ കോഴിയമ്മയും മക്കളുമാണോ.അവൾ ശബ്ദം കേട്ട ദിശയിലേക്ക് ഓടി.അപ്പോഴാണ് കോഴിയമ്മയുടെ ഒരു കുഞ്ഞിനെ പിടിക്കാൻ ഒരു പരുന്ത്.കോഴിക്കുഞ്ഞിനെ രക്ഷിക്കാൻ അവൾ കുഞ്ഞിന്റെ മുൻപിൽ കയറിനിന്നു.പരുന്ത് പറന്നു വന്ന് അതിനെ പിടിക്കാൻ ശ്രമിച്ചു.അപ്പോൾ അവൾ അവളുടെ കൊമ്പുകൊണ്ടു ആക്രമിക്കാൻ ശ്രമിച്ചു.പരുന്ത് പേടിച്ച് പറന്നു പോയി.അവൾ ചോദിച്ചു.അമ്മയുടെയും നിന്റെ സഹോദരൻമാരുടെയും സഹോദരിമാരുടെയും കൂടെയല്ലായിരുന്നോ നീ.പിന്നെ എങ്ങനെ ഇവിടെ എത്തി.കോഴികുഞ്ഞ് പറഞ്ഞു.ഞാൻ അവരുടെ കൂടെ ഉണ്ടായിരുന്നു.അതിനിടെ വഴിതെറ്റി.ജൂലി

പറഞ്ഞു ഞാൻ നിന്നെ അവരുടെ അടുത്ത് എത്തിക്കാം.എന്റെ പുറത്തുകയറിക്കോ.അവൾ കുനിഞ്ഞുനിന്നു.കോഴിക്കുഞ്ഞ്

പറന്ന് അവളുടെ പുറത്തുകയറി.ജൂലി ഓടാൻ തുടങ്ങി.അവൾ കോഴിയമ്മയുടെ അടുത്ത് കോഴിക്കുഞ്ഞിനെ എത്തിച്ചു അമ്മയ്ക്കു കുഞ്ഞിനെ കണ്ടപ്പോൾ സന്തോഷമായി .കോഴിയമ്മ ചോദിച്ചു.എന്റെ കുഞ്ഞിനെ നീ എവിടെ വച്ചാകണ്ടത്.അവൾ നടന്നതെല്ലാം പറഞ്ഞു. കോഴിയമ്മ ജൂലിയോട് നന്ദി പറഞ്ഞു.



# നൂറു സൂത്രങ്ങൾ

അഹങ്കാരിയായ ഒരു കുറുക്കനുണ്ടായിരുന്നു.വലിയ സൂത്രക്കാരനാണെന്നായിരുന്നുഅവന്റെ ഭാവം. ദിവസം അവൻ ഒരു പൂച്ചെ കണ്ടു മുട്ടി.കുറുക്കൻ പൂച്ചയോട് ചോദിച്ചു.പൂച്ച വിനയത്തോടെ പറഞ്ഞു.എനിക്ക് ആകെ ഒരു സൂത്രമെ അറിയൂ.ആരെയെങ്കിലും ഉപദ്രവിക്കാൻ വന്നാൽ മരത്തിൽ കയറിപ്പറ്റാൻമാത്രം .ഇതുകേട്ട് കറുക്കൻ അവനെ കളിയാക്കികൊണ്ട് പറഞ്ഞു എന്റെ കയ്യിൽ ആയിരം സൂത്രങ്ങളുണ്ട് .അതെല്ലാം ഈ സഞ്ചിയിൽ ആണ് ഉള്ളത്. ഇതു കേട്ട പൂച്ച അത്ഭുതപ്പെട്ടുപോയി.സഞ്ചിനിറയെ സൂത്രങ്ങളോ? അങ്ങനെ കുറുക്കൻ അഹങ്കരിച്ചുകൊണ്ടിരുന്നപ്പോഴാണ് കുറെ വേട്ടപ്പട്ടികൾ കരച്ചുകൊണ്ട് അങ്ങോട്ടേയ്ക്ക് വന്നത്.പിന്നാലെ വേട്ടക്കാരനും.പൂച്ച ഉറക്കെ കരയാൻ തുടങ്ങി."അയ്യോ കുറുക്കാ,നിന്റെ,സൂത്രങ്ങൾ വേഗം പുറത്തെടുക്ക് അല്ലങ്കിൽ അവർ

നമ്മളെ പിടികൂടും.പൂച്ച വേഗം മരകോമ്പിന്റെ മുകളിൽ ചാടികയറി കുറുക്കനോ പേടിച്ചിട്ടും രക്ഷപെടാനായില്ല. വേട്ടക്കാരൻ കുറുക്കനെ വലയിലാക്കി പോകുമ്പോൾ പൂച്ച മരകൊമ്പിലിരുന്ന് വിളിച്ചു പറഞ്ഞു "എനിക്കറിയാവുന്ന ഒരേ ഒരു വിദ്യ എന്നെ രക്ഷിച്ചത് കണ്ടില്ലേ?" ആവശ്യത്തിന് ഉപകരിക്കാത്ത വിദ്യകൊണ്ടു ഒരു പ്രയോജനവുമില്ല .





അർച്ചന സജികുമാർ

# ആകാശത്തിന്റെ മടിത്തട്ടിലെ വട്ടം

മാനത്തമ്പിളി വട്ടം വെട്ടം
പൂവെയ്യുന്നൊരു വട്ടം വെട്ടം
മഞ്ഞനിറത്തിൽ വട്ടം വെട്ടം
ഭംഗിയുമാർന്നൊരു വട്ടം വെട്ടം
രാത്രിയിൽ മിന്നും നിന്നെക്കാണാൻ
ചന്തമെഴുന്നൊരു വട്ടം വെട്ടം
വെട്ടം നിറയും വട്ടം വെട്ടം
മാനത്തുള്ളൊരു വട്ടം വെട്ടം



*sivani sabu V:A*



ഉപന്യാസം

# നവകേരളസൃഷ്ടിയിൽ വിദ്യാർഥികളുടെ പങ്ക്

ആമുഖം

"കേരളമെന്ന് കേട്ടാൽ തിളക്കണം
ചോരഞരമ്പുകളിൽ'

എന്ന് കവി പാടിയത് എത്ര സത്യമാണ്.കേരളം ഇന്ന് പല കാര്യങ്ങളും അഭിമുഖീകരിക്കുന്നുണ്ട് ഈ പ്രശ്നങ്ങളിലെയും,അതിനെ എങ്ങനെ മറികടക്കാമെന്നും,ഈ പ്രശ്നങ്ങൾക്ക് കാരണമെന്നും ഇതിലൂടെ കാണാൻ സധിക്കും.

## കേരളനാട് ജൻമം എടുത്തപ്പോൾ

നവംബർ 1:ാം തിയതി കേരളനാട് ജൻമം എടുത്തപ്പോൾ ലോകത്തിൽ തന്നെ സുന്ദരമായ നാട് ആയിരുന്നു.ദൈവത്തിന്റെ സ് ന്തം നാട് എന്നറിയപ്പെട്ടുകൊണ്ടിരുന്ന കേരളമായിരുന്നു നമ്മുടെ നാട് കേരളത്തിൽ പല വൈവിധ്യങ്ങൾളും ഉണ്ടായിരുന്നു.ഈ വൈവിധ്യങ്ങൾ എവിടെ പോയി എന്ന് നാം ചിന്തിക്കണം .ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പലതാണ് ഈ പ്രശ്നങ്ങളിൽ പരിഹരിക്കാൻ വിദ്യാർഥികളുടെ പങ്ക് വലുതാണ്.കേരളം എന്ന് സ് പന യാഥാർത്യങ്ങളിലെയ്ക്ക് ശക്തമായ സ ധിനം ചെലുത്താൻ കുട്ടികൾക്ക് കഴിയുന്നു.കുട്ടികളാണ് അടുത്ത തലമുറയുടെ വലിയ സമ്പത്ത് ദൈവത്തിന്റെ നാടായ കേരളം ഇന്ന് ഈ സ്ഥിതിയിൽ എത്താൻ കാരണം എന്ത്,അതിനു കാരണം കേരളീയർതന്നെയാണ് കുട്ടികൾ ഇക്കാലത്ത് നവ കേരള സൃഷ്ടിക്കായി പ്രയത്നിക്കുന്നുണ്ട്. കേരളം നന്മയിലെയ്ക്ക് കുതിക്കേണ്ട.

## ദൈവത്തിന്റെ നാട് എങ്ങനെ ഇങ്ങനെ ആയിത്തീർന്നു

ദൈവത്തിന്റെ നാട് എങ്ങനെ ഇങ്ങനെ ആയിത്തീർന്നു എന്ന് ചിന്തിക്കുമ്പോൾ അതിന് തക്കതായ കാരണങ്ങളുംഉണ്ട്.സ്വാർഥത,എല്ലാം തനിക്ക്,അങ്ങനെ പല ചിന്തകൾ കേരളത്തെ വേട്ടയാടുന്നുണ്ട്. ദൈവത്തിന്റെ നാട് പിശാചിന്റെ നാട് എന്ന നാമത്തിലേക്ക് കടന്നു പോകുന്നു.കേരളത്തിലെ ജനങ്ങളാണ് ഇതിന് കാരണമെന്ന്മനസ്സിലാക്കാം.കേരളം ഇന്ന് അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നമാണ് പ്രകൃതിമലിനികരണം.ഈ കേരളത്തെ

കൊല്ലാൻ ഒരു ജനതയെകണ്ടുമുട്ടാൻ നമുക്കു സാധിക്കും മരങ്ങൾ വെട്ടിനശിപ്പിച്ച് പ്ലാസ്റ്റിക്ക് വലിച്ചെറിഞ്ഞ് പ്രകൃതിയെമലിന്യമാക്കുന്നു ഇന്ന് പ്രകൃതിയെ നശിപ്പിക്കുന്നതിന് വിദ്യാർഥികളുടെ പങ്ക് വലുതാണ്

## വിദ്യാർഥികളുടെ കരങ്ങളിലൂടെ കേരളം

വിദ്യാർഥികളുടെ കരങ്ങളിലൂടെയാണ് കേരളം ഇന്ന്.പ്രകൃതിയെ സംരക്ഷിക്കുന്നതിലും,പ്രകൃതിയെ പരിപാലിക്കുന്നതിലും വിദ്യാർഥികളുടെ പങ്ക് വലുതാണ് ഈ വിദ്യാർഥികൾ വരും തലമുറയക്ക് വേണ്ടിയും കരുതി വെയ്ക്കുന്ന സ്വഭാവത്തിലേക്ക്കടന്നുവരുന്നു.സ്കൂളിലൂടെ വിദ്യാർഥികൾക്ക് പ്രകൃതി സംരക്ഷണംനൽകുന്നതിൽ പ്രധാന്യം അർഹിക്കുന്നു.ഇതിലൂടെ കുട്ടികളെ പ്രകൃതി അമ്മയ്ക്ക് ഏറ്റവും പ്രിയപ്പെട്ടവരായി മാറ്റാൻ സഹായിക്കുന്നു.വിദ്യാർഥികൾ ഭാവി തലമുറയുടെ വാഗ്ദാനങ്ങൾ ആണ്. അവരിലൂടെ മാത്രമെ നമുക്ക് പ്രകൃതിയെ സംരക്ഷിക്കാൻ സാധിക്കുവുള്ളൂ.പ്രകൃതിയെ മറന്നു പോകുന്ന തലമുറയല്ല നമുക്ക് ആവശ്യം പ്രകൃതിയെ സ്നേഹിച്ച്,പരിപാലിച്ച് വളർന്നുവരുന്ന ഒരു തലമുറയെല്ല നമുക്ക് ആവശ്യം പ്രകൃതിയെ സ്നേഹിച്ച്, പരിപാലിച്ച്, വളർന്ന് വരുന്ന ഒരു തലമുറയെയാണ് നമുക്ക് ആവശ്യം കാരണം അവരാണ് ഭാവി തലമുറയുടെ സന്താനങ്ങൾ.

## വിദ്യാർത്തികൾ എന്തുകൊണ്ട് പ്രകൃതിയെ സംരക്ഷിക്കുന്നു

വിദ്യാത്തികൾ പ്രകൃതിയെ സംരക്ഷിക്കുന്നതിൽ പ്രധാന്യാം അർഹിക്കുന്നു. വിദ്യാത്തികൾ വിദ്യാത്തികൾ പ്രകൃതിയെ സംരക്ഷിക്കുന്നതിൽ പ്രധാന്യാം അർഹിക്കുന്നു. ഇതിന് എല്ലാം കാരണം കുട്ടികളുടെ അറിവാണ് ഈ നവകേരളസൃഷ്ടിയിൽ പ്രവൃത്തിക്കുന്നു. ഇതിന് എല്ലാം കാരണം കുട്ടികളുടെ അറിവാണ് ഈ നവകേരളം എന്ന് ആശയം ഉയർന്ന് വരുന്നത്. ഇക്കാലത്ത് അറിവിലൂടെ കുട്ടികളിലെയ്ക്ക് നവകേരളം എന്ന് ആശയം ഉയർന്ന് വരുന്നത്. ഇക്കാലത്ത് ഉണ്ടായ അതിശക്തമായ പ്രളയം നമ്മക്ക് അറിയണം അതിൽ സഹായവുമായി വന്നതിൽകുട്ടിക്കളുടെ പങ്ക് വല്യതാണ്. അങ്ങനെ പല കാര്യങ്ങളിലും വിദ്യാധികൾ തങ്ങളുടെ കഴിവ് പ്രകടിപ്പിച്ചു.ഇങ്ങനെ വലിയവർക്ക് ഒരു മാത്രകയായി കുട്ടികളെ ചൂണ്ടികാണിക്കാൻ നമുക്ക് കഴിയും വിദ്യാർഥികളുടെ ഒത്തൊരുമ ഇവിടെ സൂചിപ്പിക്കുന്നു ഒത്തുപിടിച്ചാൽ മലയു പോരും എന്ന് പഴചെല്ലിന്റെ അർത്ഥം നമുക്ക്മനസ്സിലാക്കാം.

## ഉപസംഹാരം

കേരളപിറവിയുടെ ദിവസങ്ങളിലേക്ക് അടുത്ത് നിൽക്കുന്ന ഈ സമയത്ത് നവകേരള സൃഷ്ടിക്കായി നമുക്ക് പരിശ്രമിക്കാം.വിദ്യാർഥികളായ നമുക്ക് കേരളത്തെ നവകേരള എന്ന സ്ഥാനത്തേക്ക് ഉയർത്താം.നശിച്ചുകൊണ്ടിരിക്കുന്ന "കേരളമെന്ന് കേട്ടാൽ തിളക്കണം

ചോരഞരമ്പുകളിൽ"

എന്ന് കവി പാടിയത് എത്ര സത്യമാണ്.കേരളം ഇന്ന് പല കാര്യങ്ങളും അഭിമുഖീകരിക്കുന്നുണ്ട് ഈ പ്രശ്നങ്ങളിലെയും,അതിനെ എങ്ങനെ മറികടക്കാമെന്നും,ഈ പ്രശ്നങ്ങൾക്ക് കാരണമെന്നും ഇതിലൂടെ കാണാൻ സാധിക്കും.



SAIN AUGUSTINE
9.C



# എന്റെ സ്വപ്നം

[illegible]

[illegible]

[illegible]



Arya T.P IXB

## ഭൂമി



Aleena Sajan

പൂക്കാളാൽ സമൃദ്ധം
ഈ ഭൂമി
പുഴകാളാൽ സമൃദ്ധം
ഈ ഭൂമി
ചെടികളും, പുഴകളും
കരുവികളും, മരങ്ങളും
ഹാ എത്ര സുന്ദമാണി
ഭൂമി എന്റെ ഭൂമി
ഏതു ശില്പിയാണ്
ഇവൾക്ക് രൂപം കൊടുത്തത്
ആ ശില്പിയാണിശ്വരൻ



# ഉണരുന്ന കേരളം

കൊടിയ വെള്ളപ്പൊക്കത്തിൽ നിന്നും
ഉണരുന്ന കേരളം
കൈപിടിച്ചുയർത്താൻ മലയാളികൾ
എന്നും മലയാളികൾ
അതിൽ മറക്കില്ല ഒരു മലയാളിയും
കടലിന്റെ മക്കളെ ........
അവർ നമ്മുടെ നാടിന്റെ സ്വത്തായ മുത്തുകൾ
ഇത് അതിജീവനത്തിന്റെ കേരളം
കേരളം ......... ഉണരുന്ന കേരളം.........



Surya P.B





## പൊതുവിജ്ഞാന ക്വിസ്

1. മധ്യപ്രദേശത്തിന്റെയും മഹാരാഷ്ട്രയുടെയും അതിർത്തിയിലൂടെ ഒഴുകുന്ന നദി?

നർമദ

2. ഇന്ത്യയുടെ തലസ്ഥാനം കൽക്കട്ടയിൽനിന്ന് ഡൽഹിയിലേക്ക്മാറ്റുന്നത് സംബന്ധിച്ച പ്രഖ്യാപനം നടന്നത് ഏത് വൈസ്രോയിയുടെ കാലത്താണ്?

ഹാർഡിഞ്ച് പ്രഭു.

3. ഐ.എസ്.ആർ.ഓ (I.S.R.O)-യുടെ തലസ്ഥാനംസ്ഥിതി ചെയ്യുന്നത് എവിടെ?

ബാംഗ്ലൂർ

4. 'Crescograph' ആരാണ് കണ്ടുപിടിച്ചത്?

ജഗദീഷ് ചന്ദ്രബോസ്

5. 'India wins Freedom' എന്ന പുസ്തകം രചിച്ചത് ആര്?

മൗലാനാ അബ്ദുൾ കലാം ആസാദ്



Sivaganga P.S

## വെളിച്ചത്തിലേക്കുള്ള വഴി കാട്ടി

നദിയിലൂടെ പലതരസാധനങ്ങൾ ഒഴുകുന്നുണ്ട്. വിറകുകെട്ടുകൾ തേങ്ങകൾ അങ്ങനെ പലതരസാധനങ്ങൾ. അതൊക്കെ ആളുകൾ വലിച്ചു കയറ്റുന്നതുമുണ്ട്. അപ്പോഴാണ് ദൂരത്തുനിന്ന് എന്തോ വരുന്നതു പോലെ എന്താണെന്ന് ആർക്കും മനസിലായില്ല. അത് അടുത്ത എത്തിയപ്പോളാണ് മനസ്സിലായത് ഒരു തൊട്ടിക്കുള്ളിൽ അഞ്ചു വയസ് പ്രായം മതിക്കുന്ന ഒരു പെൺകുട്ടി .ഏതോ ദുരന്തത്തിൽ നിന്ന് രക്ഷപ്പെട്ടു വന്നതു പോലെ   അത് അവളുടെ മുഖത്ത് പ്രതിപലിക്കുന്നുണ്ടായിരുന്നു. അവളെ കണ്ടതെ ആളുകൾ ആ കുട്ടിയിരുന്ന തൊട്ടി വലിച്ചു കരയിലേക്ക് കയറ്റി. ആ കുട്ടിയുടെ കണ്ണ് നിറഞ്ഞ് ഒഴുകുന്നുണ്ടായിരുന്നു. ഒരു സ്ത്രീ വന്ന് അവളെ എടുത്ത് ഒരു റൊട്ടി കഷ്ണം കൂടി അവളുടെ കൈയ്യിൽ കൊടുത്തു. ആ കുട്ടി അത് ആർത്തിയോടെ കഴിച്ചു തീർത്തു. ആ സ്ത്രീ കുട്ടിയോട് ചോദിച്ചു നീ എവിടെ നിന്നാണ് ഒഴുകി ഇവിടെ വന്നത്. കുട്ടി മറുപടി കൊടുത്തില്ല. പറയൂ കുട്ടി അവൾ മടിച്ചു പറഞ്ഞു അങ്ങ് ദൂരെ. നിന്റെ പേര്? ജ്യോതി. അച്ഛനും അമ്മയുംമൊക്കെ. കുട്ടി കരയാൻ തുടങ്ങി. ആ സ്ത്രീയെ കെട്ടിപ്പിടിച്ചു, ആ സ്ത്രീ അവളെ ആശ്വസിപ്പിച്ചു, അവൾ കരച്ചിൽ നിർത്തി, തന്റെ കഥ പറയാൻ തുടങ്ങി. ഒരു ചെറിയ ഗ്രാമത്തിലാണ് എന്റെ വീട്. ഒരു ദിവസം മീൻ പിടിക്കാനായി

അച്ഛൻ കടലിലേക്ക് പോയി. അവിടെ വച്ച് ബോട്ട് മറിഞ്ഞ് അച്ഛൻ മരിച്ചു. അതിനുശേഷം ഞാനും അമ്മയും, അമ്മയുടെ സഹോദരിയുടെ വീട്ടിലാണ്ണ് താമസിച്ചിരുന്നത്. അവിടെ വീട്ടിലെ ആളുകളുടെ എണ്ണം കൂടിയപ്പോൾ ഭക്ഷണം ആർക്കും തികയാറുമില്ലായിറുന്നു. ഒരു ദിവസം പെട്ടെന്ന് വെള്ളം കരയിലേക്ക് കയറി. വെള്ളത്തിന്റെ അളവ് കരയിൽ അധികമായി ഞങ്ങളുടെ വീട്ടിലും കയറി.എനിക്ക് അവിടെ നിൽക്കാൻ പറ്റാത്തപോലെ. അപ്പോൾ അമ്മ ഒരു വലിയ തൊട്ടയിൽ കയറ്റി എന്നെ വെള്ളത്തലെയ്ക്ക് ഉന്തി. ഞാൻ നോക്കുമ്പോൾ അമ്മയും സഹോദരിയും വീട്ടുസാധനങ്ങൾ വാരി എടുക്കുകയായിരുന്നു. അപ്പോഴേക്കും മണ്ണിടിഞ്ഞ് എന്റെ വീട്ടിലേക്ക് വീണു. ഇത്രയും പറഞ്ഞ് അവൾ കരയാൻ തുടങ്ങി. അവളുടെ കഥ കേട്ട് ആ സ്ത്രീ അവളെ എടുത്ത് തന്റെ ഭവനത്തിൽ കൊണ്ടുപോയി എന്നിട്ടു പറഞ്ഞു. ഇനിമുതൽ നീ എന്റെ വീട്ടിൽ താമസിച്ചോളൂ കുട്ടി. നിന്റെ പ്രായത്തിലുള്ള മകൾ എനിക്കുമുണ്ടായിരുന്നു. അവൾ പാറക്കുള്ളത്തിൽ വഴുതി വീണു. ആരും അറിഞ്ഞില്ല. അന്വേഷിച്ച് ചെന്നപ്പോൾ അവൾ മരിച്ച് കഴിഞ്ഞിരുന്നു. അന്നു മുതൽ ജ്യോതിയെ നോക്കിയത് ആ സ്ത്രീയാണ്. അവർ സന്തോഷത്തോടെ കഴിഞ്ഞു

Ashitha Augusine




# വിജയത്തിലേക്കുള്ളകുതിച്ചുചാട്ടം

ഒരിക്കൽ കുറെ തവളകൾ നാടുചുറ്റാൻ പോയി. കാടും , മേടും , കുളവുമെല്ലാം ചുറ്റി അവർ കാട്ടിലെത്തി. കഥ പറഞ്ഞും പാട്ടുപാടിയും അവർ വരിവരിയായി നടന്നു. "പ്ധോം" മുന്നിൽ പോയ തവള വലിയൊരു കുഴിയിൽ വീണു . പാട്ടു പാടുന്ന ആവേശത്തിൽ ആരുമത് ശ്രദ്ധിച്ചില്ല. പ്ധോം! പ്ധോം! പിന്നിൽ നിന്ന് വന്ന രണ്ടു തവളകൾ കൂടി കുഴിയിലേക്ക് വീണു . "അയ്യോ നമ്മുടെ മൂന്നു ചങ്ങാതിമാർ അപകടത്തിലായല്ലോ!". മറ്റു തവളകൾ കുഴിക്ക് മുകളിൽ നിന്ന് കരച്ചിൽ തുടങ്ങി .

കുഴിയിൽ വീണവർ മുകളിലേക്ക് ചാടി നോക്കി ." നിങ്ങൾ ചാടിയിട്ട് കാര്യമില്ല. ലോകത്തൊരു തവളയ്ക്കും ഇത്രയും ആഴമുളള കുഴിയിൽ നിന്ന് ചാടി കയറാനാവില്ല!", കരയിൽ നിന്ന ഒരു തവള പറഞ്ഞു. മറ്റു തവളകൾ അത് ശരിവെച്ചു. കുഴിയിലായ തവളകൾ അത് കേട്ടു. അവരിൽ രണ്ടു പേർ ചാടം നിർത്തി. " വെറുതെ ചാടിയിട്ട് എന്താ ഫലം?", അവർ ദുഃഖത്തോടെ പറഞ്ഞു. മൂന്നാമത്തെ തവള ഇതൊന്നും ശ്രദ്ധിക്കാതെ ചാടിക്കൊണ്ട്കുഴിയിൽ വീണവർ മുകളിലേക്ക് ചാടി നോക്കി ." നിങ്ങൾ ചാടിയിട്ട് കാര്യമില്ല. ലോകത്തൊരു തവളയ്ക്കും ഇത്രയും ആഴമുളള കുഴിയിൽ നിന്ന് ചാടി കയറാനാവില്ല!", കരയിൽ നിന്ന ഒരു തവള പറഞ്ഞു. മറ്റു തവളകൾ അത് ശരിവെച്ചു. കുഴിയിലായ തവളകൾ അത് കേട്ടു. അവരിൽ രണ്ടു പേർ ചാടം

നിർത്തി. " വെറുതെ ചാടിയിട്ട് എന്താ ഫലം?". അവർ ദുഃഖത്തോടെ പറഞ്ഞു. മൂന്നാമത്തെ തവള ഇതൊന്നും ശ്രദ്ധിക്കാതെ ചാടിക്കൊണ്ടേയിരുന്നു. മുകളിൽ നിൽക്കുന്ന കൂട്ടുകാർ എത്രയൊക്കെ തടഞ്ഞിട്ടും അവൻ തന്റെ ശ്രമം തുടർന്നു. പലവട്ടം വീണ്, ചാടി ചാടി ഉയർന്നു ചാടി. ഒടുവിൽ അവൻ ഒരൊറ്റ ചാട്ടത്തിൽ കരയിലെത്തി!. കൂടെനിന്ന മറ്റ് തവളകളുടെ കണ്ണുതള്ളി. എല്ലാവരും കൂടെ അവനെ വാരിയെടുത്ത് നൃത്തം ചെയ്തു!. അടുത്തുള്ള മരത്തിന്റെ മുകളിൽ നിന്ന് കണ്ടു നിൽക്കുവായിരുന്ന ഒരു കരടച്ചനും അവന്റെ അനിയനും. " ചേട്ടാ ഇത്രയും വലിയ കുഴിയിൽ നിന്ന് ഒരു തവള മാത്രം രക്ഷപ്പെട്ടത് എങ്ങനെയാണ് ?". അനിയൻ കരടിന് സംശയമായി. ചേട്ടൻ പറഞ്ഞു " അനിയാ. ആ ഒരു തവളയ്ക്ക് ചെവി കേൾക്കില്ല. കൂട്ടുകാർ മുകളിൽ നിന്ന് പറഞ്ഞതൊന്നും അവൻ കേട്ടില്ല കരയിൽ നിൽക്കുന്നവർ തന്റെ ചാട്ടത്തെ പ്രോത്സാഹിപ്പിക്കുകയാണ് എന്നാണ് ആ പാവം കരുതിയത്. മറ്റുള്ളവർ പറയുന്നത് കേട്ട് നിരാശപ്പെടാത്തവർക്കേ ജയിക്കാനാവൂ!".






REETHU ROBIN IX B


# ദൈവികദാനം



VISHNUPRASAD M.S VII

ദൈവസ്നേഹം വർണ്ണനാതീതം,
സത്യസ്വരൂപം നിത്യാനന്ദം,
സ്നേഹപ്രഭയൊരു പൂർണ്ണചന്ദ്രൻ -
എന്നും തെളിഞ്ഞീടും നിത്യാനന്ദം.

രാവിന്റെ കാറിലും തെളിയുന്നചന്ദ്രൻ -
നിത്യം തെളിയുന്ന വിളക്കായ് ചന്ദ്രൻ,
അവിടുത്തെ പ്രഭയെന്നും അനശ്വരമല്ലോ,
അവിടുത്തെ കൃപയെന്നും പ്രവചനാതീതം
മാനവജീവിതം നിത്യവും വ്യത്യസ്തം
വേദനയാലും പുഞ്ചിരിയാലും നിറയുന്നു നിത്യം,
ദുരിതവും ദുഃഖവും നിന്നുടെ ദാനം -
സുഖവും ദുഃഖവും നിന്നുടെ വരം.
പാപിയാണെന്നും നിന്നുടെ ദാസൻ -
കനിവോടെ കൃപചൊരിഞ്ഞനുഗ്രഹിച്ചാലും
ആദവും ഹൗവ്വയും തുടങ്ങിയപാപം -
അകറ്റുവാനിനിയും അനുഗ്രഹിച്ചാലും.



## QUIZ QUESTIONS

1. സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്ന പ്രസ്ഥാനത്തിന്റെ വക്താവ് ആരാണ്?

2. സൂപ്പർ കമ്പ്യൂട്ടറുകളുടെ പിതാവ് എന്ന് അറിയപ്പെടുന്നത് ആരാണ്?

3. ടെലിവിഷൻ പരിപാടികൾ ആദ്യമായി സംപ്രേക്ഷണം ചെയ്ത സ്ഥാപനം?

4. ലോകത്തിലെ ഏറ്റവും വലിയ റോക്കറ്റ് ഏതാണ്?

5. ഇന്ത്യയിൽ ദേശീയ സാങ്കേതിക ദിനമായി ആചരിക്കുന്നത് എന്നാണ്?

6. ആദ്യത്തെ പേഴ്സണൽ കമ്പ്യൂട്ടറിന്റെ പേര്?

7. സൈബർസ്പേസിന്റെ ഉപജ്ഞാതാവ്?

8. WORLD WIDE WEB – ന്റെ ഉപജ്ഞാതാവ് ആര്?

9. ഇന്റർനെറ്റിന്റെ പിതാവായി അറിയപ്പെടുന്നത് ആര്?

10. C.F.L വികസിപ്പിച്ചെടുത്ത കമ്പനി ഏതാണ്?

11. ഇന്ത്യയിലെ ഏറ്റവും വലിയ സോഫ്റ്റ്‌വെയർ കമ്പനി ഏതാണ്
?

12. മൊബൈൽ ഫോണുകൾ ആദ്യമായി വികസിപ്പിച്ച കമ്പനി

ഏതാണ് ?

13. ബയോ ഡീസൽ എന്ന എണ്ണ ഏതു ചെടിയിൽ നിന്നു ഉത്പാദിപ്പിക്കുന്നു ?

14. ചലച്ചിത്ര സാങ്കേതിക വിദ്യയുടെ പിതാക്കന്മാർ എന്ന് അറിയപ്പെടുന്നത് ആര് ?

15. ആദ്യത്തെ വിജയകരമായ പെട്രോൾ കാർ നിർമ്മിച്ചത് ആരാണ് ?

## ANSWERS

1. റിച്ചാർഡ് സ്റ്റാൾമാൻ
2. സെയ്യർ
3. BBC (BRISH BROADCASTING CORPORATION) 1936 -ൽ
4. സ്റ്റേൺ 5 ( യു.എസ്.എ)
5. മെയ് 11
6. ആൾട്ടെയർ
7. വില്യം ഗിബ്സൺ
8. ടിം. ബെർണേഴ്സ് ലി
9. വിന്റൺ.ജി.സെർഫ്
10. ഫിലിപ്പ്
11. T.C.S ( TATA CONSULTANCY SERVICE)
12. എനിഫ്ലൂൺ
13. ജട്രോഫ
14. ലൂമിയർ ബ്രദേഴ്സ്
15. കാൾ ബെൻസ്



MERIN SAI XB

# വ്യാപാരിയുടെ ബുദ്ധി

ഇരിമ്പുപുരം പട്ടണത്തിലെ ഇരുമ്പ് വ്യാപാരിയായിരുന്നു ഇരുമ്പൻ. സത്യസന്ധനായ വ്യാപാരി. നാൾക്കുനാൾ അയാളുടെ കച്ചവടം നന്നായി വന്നു. ഒരു ദിവസം ഇരുമ്പന് ദൂരേക്ക് ഒരു യാത്ര പോണമായിരുന്നു. നൂറു കിലോ ഇരുമ്പ് സൂക്ഷിക്കാൻ സുഹൃത്തിനെ ഏൽപ്പിച്ചിട്ടാണ് അയാൾ പോയത്. ദിവസങ്ങൾ കടന്നുപോയി. ഇരുമ്പൻ മടങ്ങിയെത്തി. ഇരുമ്പ് മടക്കി ചോദിച്ചു. സുഹൃത്തിന്റെ മറുപടി ഇതായിരുന്നു, ചങ്ങാതി നീ വരുമ്പോൾ എത്ര പറയണമെന്ന് കരുതി വിഷമിച്ചിരിക്കുകയായിരുന്നു ഞാൻ. എന്റെ വീട്ടിൽ എന്തൊരു എലിശല്യമായിരുന്നോ? അവയെല്ലാം കൂടി രണ്ടു ദിവസം കൊണ്ട് ആ ഇരുമ്പെല്ലാം തിന്നു തീർത്തു. ഇരുമ്പ് എലി തിന്നുകയോ! സുഹൃത്ത് തന്നെ ചതിച്ചു! ദുഷ്ടൻ!. വെറുതെ തർക്കിച്ചിട്ടെന്തു കാര്യം. ഇരുമ്പൻ വെറും കൈയ്യോടെ വീട്ടിലേക്ക് മടങ്ങി. ഒരു നാൾ സുഹൃത്തിന്റെ മകൻ കുളത്തിൽ കളിക്കാനിറങ്ങുന്നത് ഇരുമ്പൻ കണ്ടു. അയാൾ തന്ത്രപൂർവ്വം ആ മകനെ വിളിച്ചു കൊണ്ട് വന്നു മുറിയിൽ അടച്ചിട്ടു. മകനെ കാണാതെ സുഹൃത്ത് അലഞ്ഞു. ഇരുമ്പൻ സുഹൃത്തിനോടു പറഞ്ഞു, സുഹൃത്തേ നിന്നോടു പറയണമെന്നു കരുതിയതാ, നദിക്കരയിൽ വച്ച് ഒരു പരുന്ത് അവനെ റാഞ്ചിക്കൊണ്ടുപോയി. സുഹൃത്തിനു കാര്യം മനസ്സിലായി. ഇത് ഇരുമ്പന്റെ പ്രവർത്തിയാണ്. അയാൾ രാജാവിനു പരാതി നൽകി.രാജാവ് ഇരുമ്പനെ വിളിച്ച് ചോദ്യം ചെയ്തു. ഇരുമ്പൻ സത്യസന്ധമായി നടന്ന കാര്യങ്ങളെല്ലാം രാജാവിനു വെളിപ്പെടുത്തി. സുഹൃത്തിനു ശിക്ഷയും, വ്യാപാരിക്ക് ഇരുമ്പും കിട്ടി.

**ഗുണപാഠം - സത്യസന്ധതയാണ് ജീവിതത്തിൽ വിജയിക്കുന്നത്. മറ്റുള്ളവരുടെ സാധനങ്ങൾ നമ്മൾ ആഗ്രഹിക്കരുത്.**

# ശത്രു മിത്രമായി

ഒരിടത്ത് ഒരു എലി ഉണ്ടായിരുന്നു. അവന്റെ പേരാണ് ടിങ്കു. ഒരിക്കൽ ടിങ്കു കളിക്കുകയായിരുന്നു. അവന്റെ ഇടയിലേക്ക് ദുര്യൻ എന്ന പൂച്ച കടന്നുവന്നു. ടിങ്കുവിനെ എങ്ങനെയെങ്കിലും കഴിക്കണമെന്നായിരുന്നു ദുര്യന്റെ ലക്ഷ്യം. അതുകൊണ്ട് ദുര്യൻ ടിങ്കുവിന്റെ കൂട്ടുകാരനായി. കളിയും ചിരിയുമായി ദിവസങ്ങൾ കടന്നുപോയി.

അങ്ങനെ ഒരു ദിവസം അവൻ തന്റെ തനിനിറം പുറത്തിറക്കി. ടിങ്കുവും ദുര്യനും കളിക്കുന്നതിന്റെ ഇടയിൽ ദുര്യൻ ഒരു മരച്ചുവട്ടിൽ പോയി ഒളിച്ചു. അപ്പോൾ അവിടെ ഇരുന്ന് ടിങ്കുവിനെ എങ്ങനെ പിടിക്കണമെന്ന് ദുര്യനും കൂട്ടുകാരും പദ്ധതിയിട്ടു. പക്ഷേ ആ മരച്ചുവട്ടിൽ ടിങ്കുവിന്റെ ഒരു കൂട്ടുകാരൻ ഉണ്ടായിരുന്നു, ചിരു എന്ന അണ്ണാൻ എല്ലാം കേൾക്കുന്നുണ്ടായിരുന്നു. ചിരു ഓടിചെന്ന ടിങ്കുവിനോട് കാര്യം പറഞ്ഞു. ഇത് കേട്ടപ്പോൾ ടിങ്കു വളരെയധികം വിഷമിച്ചു. ടിങ്കു വിഷമിക്കുന്നത് കണ്ടപ്പോൾ ചിരു അണ്ണാന് സഹിച്ചില്ല. അപ്പോൾ ചിരു അണ്ണാൻ പറഞ്ഞു നമ്മുക്ക് അവനിട്ട് ഒരു പണികൊടുക്കാമെന്ന്. പക്ഷേ, അങ്ങനെ പറഞ്ഞെങ്കിലും ദുര്യനെ ചതിക്കാൻ ടിങ്കുവിന് മനസ്സ് തോന്നിയില്ല. പിന്നീട് ഒരിക്കലും ദുര്യനെ ടിങ്കു കണ്ടില്ല. അങ്ങനെ ഒരു ദിവസം ടിങ്കു കളിക്കുകയായിരുന്നു. അപ്പോൾ ആരുടെയോ നിലവിളി കേൾക്കുന്നു. ചിരു അണ്ണാൻ അങ്ങോട്ടേയ്ക്ക് ഓടിചെന്ന് നോക്കിയപ്പോൾ ദുര്യൻ ഒരു അപകടത്തിൽപെട്ട് ഒരു വലയിൽ അകപ്പെട്ടു. ചിരു അണ്ണാൻ ടിങ്കുവിനോട് പറഞ്ഞു. തന്റെ രക്ഷയ്ക്കുവേണ്ടി ദുര്യൻ നിലവിളിച്ചു കൊണ്ടേയിരുന്നു. ദുര്യനെ രക്ഷിക്കാനായി ടിങ്കു കൂട്ടുകാരുമൊത്ത് അവിടേയ്ക്ക് പോയി. തന്റെ ശത്രുവെന്ന ധാരണ കളഞ്ഞ് അവരെല്ലാവരും വല കരണ്ട് ദുര്യനെ രക്ഷിച്ചു. ദുര്യന് ഒത്തിരി സന്തോഷമായി. ദുര്യൻ താൻ ചെയ്ത തെറ്റുകൾക്കെല്ലാം ക്ഷമ ചോദിച്ചു. അങ്ങനെ ടിങ്കുവും ദുര്യനും കൂട്ടുകാരായി ജീവിച്ചു.



JOSNA BIJOY IX.B

# വിടപറയും മുൻപ്

പന്ത്രണ്ട് വർഷത്തെ സന്തോഷപ്രദമായ കലാലയജീവിതത്തിനുശേഷം പിരിയുമ്പോൾ ഞങ്ങൾക്ക് എന്തൊക്കെയോ പറയണമെന്നുണ്ട്. വേർപാടിന്റെ വേദനയിൽ ഞങ്ങളുടെ തളർന്ന നാവിന് ചലനശേഷി നഷ്ടപ്പെട്ടിരിക്കുന്നു. പുതിയ വസന്തത്തിന്റെ വരവേല്പിനായി ഞങ്ങളിതാ അറിഞ്ഞുകൊണ്ട് കൊഴിഞ്ഞു വീഴുന്നു.

പ്രിയപ്പെട്ട സെന്റ് സെബാസ്റ്റ്യൻസ് സ്കൂളേ, നിന്റെ മാറിൽ വിരിഞ്ഞ നിറമുള്ള ആയിരമായിരം സ്വപ്നങ്ങളും ചിറകിലേറ്റി ഞങ്ങളിതാ പറന്നകലുകയാണ്. പഠനമെന്ന പ്രതിസന്ധികൾക്കും ഇടയിൽ ഒന്നിച്ചു കണ്ടുമുട്ടി ഒന്നായിത്തീർന്ന പ്രിയപ്പെട്ട കൂട്ടുകാരെ, നമ്മളിതാ ഈ ഇടത്താവളത്തിൽ നിന്നും യാഥാർത്ഥ്യത്തിന്റെ പുതിയ മേച്ചിൽ പുറങ്ങളിലേക്ക് ചേക്കേറുമ്പോൾ എനിക്ക് നിങ്ങളോട് പറയാനുള്ളത് വിരഹത്തെക്കുറിച്ച് മാത്രമാണ്.

ബാല്യകാലത്തിൽ കലാലയത്തിന്റെ കല്പടവുകൾ കയറി വിദ്യാദേവതയെ സ്വീകരിക്കുവാൻ നിർബന്ധിതനാകുമ്പോൾ അമ്മയെ പിരിയേണ്ടതിൽ പരിതപിക്കുന്ന പിഞ്ചുഹൃദയം. കലാലയജീവിതത്തിനുശേഷം സുഹൃത്തുക്കളെ പിരിയേണ്ടി വരുമ്പോൾ വേദനിക്കുന്ന സുഹൃദ്ഹൃദയം. വിവാഹപ്രായത്തിൽ ചേക്കേറുവാൻ പുറപ്പെടുന്ന മണവാട്ടിയുടെ വിരഹം. ഇങ്ങനെ നോക്കിയാൽ

വേർപാടുകൊണ്ടും ദുഃഖങ്ങൾകൊണ്ടും മെനഞ്ഞെടുത്ത ജീവിതത്തിൽ ശാശ്വതമായ ദുഃഖമേ ബാക്കിയുള്ളു.

ഇവിടെ നാം വിലപിക്കുകയോ ചിരിക്കുകയോ അല്ല ചെയ്യേണ്ടത്. മറിച്ച് വൈരുദ്ധ്യവും വൈവിധ്യവും കൊണ്ട് ഈ ലോകത്തെ സൃഷ്ടിച്ച പ്രപഞ്ചസൃഷ്ടാവിന്റെ വൈഭവത്തെ കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ജീവിതപാതയിൽ പകുതി പോലും എത്താത്ത നമ്മുക്ക് പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും നേരിടേണ്ടിയിരിക്കുന്നു. കുറേയേറെ കണ്ടുമുട്ടലുകളും വേർപാടുകളും കൊണ്ട് മെനഞ്ഞെടുത്തതാണ് ജീവിതം, എന്ന നമ്മുക്ക് ടാഗോറിനെ പോലെ ആശ്വസിക്കാം.

പുതിയ കണ്ടുമുട്ടലിനും വേർപാടിനും വേണ്ടി നമ്മുക്ക് കാതോർത്തിരിക്കാം. അങ്ങനെ ജീവിതത്തിന്റെ ഈ ഭൂമിയിൽ ഭാഗ്യങ്ങളും സന്തോഷങ്ങളും നമ്മെ വീണ്ടും വീണ്ടും തേടിയെത്തിയാലും സെന്റ് സെബാസ്റ്റ്യൻസ് സ്കൂളും ഞങ്ങളുടെ ഭൂതകാലവും എന്റെ ഓർമ്മയിൽ എന്നും വന്നു നിൽക്കും.

ഭൂതകാലത്തെ തിരിഞ്ഞ് നോക്കുമ്പോൾ സെന്റ് സെബാസ്റ്റ്യൻസ് സ്കൂളും അദ്ധ്യാപകരും എന്റെ മനസ്സിൽ ഒരു മായാത്ത ഓർമ്മയായി എന്നിൽ അലിഞ്ഞുചേരും.



TRESASANTHOS X B

# ഉണ്ണിയേശുവിന്റെ ജനനം

ഒരു ദിവസം സന്ധ്യാസമയത്ത് മേരി പ്രാർത്ഥനയിൽ ലയിച്ചിരിക്കുമ്പോൾ മുറിയിൽ പെട്ടെന്ന് പ്രകാശം നിറഞ്ഞു. ആ വെളിച്ചത്തിൽനിന്നു ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു. മേരി ഭയന്ന് ചാടിയെഴുന്നേറ്റു. മാലാഖ പറഞ്ഞു, ഞാൻ ദൈവദൂതനായ ഗബ്രിയേൽ. ദൈവമാണ് എന്നെ ഇങ്ങോട്ടയച്ചത്.ഒരുപുത്രനെ പ്രസവിക്കും. അവന് യേശു എന്ന് പേരിടണം. ഇത് പറഞ്ഞ് ദൈദൂതൻ മറഞ്ഞു. മേരി അത്ഭുതത്തോടെ ദൈവത്തിനു നന്ദി പറഞ്ഞു. പിന്നീട് ബെത്ലഹമിലെ യാക്കോബിന്റെ മകൻ ജോസഫുമായി മേരിയുടെ വിവാഹം കഴിഞ്ഞു. മേരി പൂർണ്ണ ഗർഭണിയായിരിക്കുന്ന സമയത്താണ് രാജാവായ അഗസ്റ്റസ് സീസർ ജനസംഖ്യ കണക്കെടുപ്പിനുവേണ്ടി എല്ലാവരും അവരവരുടെ ജന്മസ്ഥലത്തു പോയി പേരെഴുതിക്കണമെന്ന് കല്പന പുറപ്പെടുവിച്ചത്. ജോസഫും മേരിയും ദാവീദ് വംശജരായതുകൊണ്ട് ദാവീദിന്റെ ജന്മസ്ഥലമായ ബേത്ലഹേമിലായിരുന്നു അവർക്ക് പോകേണ്ടിയിരുന്നത്. ഗലീലിയിലെ നസ്രത്തിൽനിന്നും യൂദയായിലെ ബേത്ലഹേമിലേക്കു പോകാൻ അഞ്ചു ദിവസമെങ്കിലും വേണം. യാത്രയാണെങ്കിൽ ബുദ്ധിമുട്ടേറിയതും. ജോസഫ് ഗർഭണിയായ മേരിയെ കഴുതപ്പുറത്ത് കയറ്റി. തണുപ്പിൽ നിന്നു രക്ഷപ്പെടാൻ

ഇഷിക

മേരി ചെറിയ പുതപ്പെട്ടത്ത് പുതച്ചിരുന്നു. ജോസഫ് കഴുതയുടെ കടിഞ്ഞാൺ പിടിച്ചു നടന്നു. ബത്ലേഹേമിലേക്കുള്ള വീഥി മുഴുവൻ പേരെഴുതിക്കാൻ പോകുന്ന ആളുകളെകൊണ്ട് നിറഞ്ഞിരുന്നു. തിരക്കുകാരണം എല്ലായിടവും പൊടി കൊണ്ട് നിറഞ്ഞു. ഇതിനിടയിലൂടെ മേരിയെ കൊണ്ടുപോകാൻ ജോസഫ് വളരെയധികെ പ്രയാസപ്പെട്ടു. ഒടുവിൽ അവൻ ബെത്ലേഹേമിൽ എത്തിച്ചേർന്നു. ജെറുസലേം ദൈവാലത്തിനു അടുത്തുള്ള ഒരു ചെറുഗ്രാമമായിരുന്നു ബെത്ലഹേം. മുന്തിരിത്തോട്ടങ്ങളാലും, ഒലിവുമരങ്ങളാലും നിറഞ്ഞ ഒരു സുന്ദരഗ്രാമം. ബെത്ലേഹേമിലെത്തി കുറച്ചു കഴിഞ്ഞപ്പോൾ മേരിക്ക് പ്രസവവേദന ആരംഭിച്ചു. ജോസഫ് മേരിയെ കിടത്താനായി സത്രത്തിലെ ഒരു മുറിയെടുക്കാൻ തീരുമാനിച്ചു. പക്ഷേ, ഒരു സത്രത്തിലും അവർക്കു മുറി കിട്ടിയില്ല. മേരി



വയലുകളിൽ ആട്ടുകൾക്ക കാവൽനിന്ന ഇടയന്മാർക്ക് ദൈവദൂതൻ പ്രത്യക്ഷനായി, ഈശോയുടെ ജനനവാർത്ത അറിയിച്ചു. ആ സമയത്തുതന്നെയാണ് ജ്ഞാനികളായ മൂന്നു രാജാക്കന്മാർ അസാധാരണമാം തിളക്കമാർന്ന ഒരു നക്ഷത്രം ആകാശത്ത് കണ്ടത്. ഉണ്ണിയേശു ലോകത്തിൽ പിറന്നതിന്റെ അടയാളമാണെന്ന് മനസ്സിലാക്കിയ അവർ യേശുവിനെ കണ്ടു വണങ്ങാൻ പുറപ്പെട്ടു. കിഴക്കുദിച്ച ആ നക്ഷത്രം അവർക്ക് വഴികാട്ടിയായി. രാജാക്കന്മാർ ഉണ്ണിയേശുവിന്റെ അടുത്ത് എത്തിച്ചേർന്നു. പൊന്നും, കുന്തിരിക്കവും, മീറയും സമ്മാനമായി നല്കി, സന്തോഷത്തോടെ തിരിച്ചുപോയി. ജോസഫിന്റെയും മേരിയുടെയും ശിക്ഷണത്തിൽ ഉണ്ണിയേശു മിടുക്കനായി വളർന്നു വന്നു. പിന്നീടവൻ നന്മയുടെയും വിശുദ്ധിയുടെയും

പ്രതീകമായ,ലോകത്തിന്റെ മാർഗ്ഗദീപമായ യേശുക്രിസ്തുവായി.



## എത്ര സുന്ദരമീ ഭൂമി

ഓളങ്ങൾ തട്ടുന്ന നദിയുടെ
തീരത്ത് പാറിപറക്കുന്നപൊൻശലഭം
കാറ്റിലാടുന്നോരി ശിഖരങ്ങളെന്നും
അഭയമായ് നിൽപ്പുണ്ട് ജീവജാലങ്ങൾക്ക്
കാറ്റിലാടുന്ന നേരത്ത് പൂമണം പാറിപറ-
ക്കുന്നു ശലഭങ്ങളായി.താമരമൊട്ടിന്റെ
ഇതളുകൾ നോക്കുമ്പോൾ കണ്ണിന്റെ
കൃഷ്ണമണി വേർപെടുന്നു.
ചിന്നചിതറുമി സൂര്യന്റെ നാളങ്ങൾ



സൂര്യകാന്തിപ്പൂവിന്റെ പുഞ്ചിരിയായി
നറുമണം തൂകമി പഞ്ചേന്ദ്രിയങ്ങൾക്ക്
പുഷ്പകതിതമായിതീർന്നു.അത്
ലോകരൂപങ്ങളെകൈതോഴുന്നു.
ലോകത്തിൻ ചെപ്പുകൾ
ആർത്തുവിളിക്കുന്നു ഭാരതാംബികെ
കൈതൊഴുന്നു ഞങ്ങൾ,കൈതൊഴുന്നു



Namitha .V A

ooooooooooo

# പടവുകളിലൂടെ.................











